കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - സംരക്ഷണത്തിന് അർഹതയുള്ള അദ്ധ്യാപകരുടെ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായുള്ള നിയമനം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ(സാധാ) നം.1852/2013/പൊവിവ തീയതി, തിരുവനന്തപുരം, 25.4.2013

---

പരാമർശം: 1. 5.6.2012 ലെ സ.ഉ.(എം.എസ്) നം.177/12/പൊവിവ
2. 3.8.2012 ലെ ജി.ഒ(ആർ.റ്റി) നം.3723/12/പൊവിവ
3. 23.3.2013 ലെ ഡി.പി.ഐയുടെ എച്ച്2/19531/13/ഡിപിഐ നം. കത്ത്.

## <u>ഉത്തരവ്</u>

സൂചന ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം സംരക്ഷണത്തിന് അർഹതയില്ലാതെ തസ്തിക നഷ്ടപ്പെട്ട് റിട്രഞ്ച് ചെയ്യപ്പെട്ട അദ്ധ്യാപകരെ എസ്.എസ്.എ യിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമനം നൽകാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ സംരക്ഷണത്തിന് അർഹതയുള്ള അദ്ധ്യാപകർ അവർ വിന്യസിക്കപ്പെട്ട സ്കൂളിൽ തസ്തിക ഇല്ലാത്തതിനാലും മറ്റും പുനർനിയമനം ലഭിക്കാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സൂചന 2 പ്രകാരം എസ്.എസ്.എ യിൽ താൽക്കാലികമായി ക്ലസ്റ്റർ ഒർഡിനേറ്റർമാരായി നിയമിക്കുവാനും നിലവിൽ ലഭ്യമായികൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും സംരക്ഷിക്കപ്പെടേണ്ടതാണെന്നും ഉത്തരവായിരുന്നു. എന്നാൽ സംരക്ഷിതാദ്ധ്യാപകരായ

1. സുബൈദ പി.എം.
   എച്ച്.എസ്.എ (മാത്ത്സ്)
   മാതൃവിദ്യാലയം നിലവിലില്ല
2. ബിന്ദു പോൾ,എച്ച്.എസ്.എ (മാത്ത്സ്)
   എം.എഎച്ച് എസ്. നെടുമ്പാശ്ശേരി
3. സജി.എൻ.ആന്റണി
   എച്ച് എസ് എ (എസ്സ് എസ്സ്)
   ആർ പി എം എച്ച് എസ് കുന്വളം
4. കെ.വി.പൗലോസ്
   എച്ച് എസ് എ (എസ്സ് എസ്സ്)
   എൻ ഐ വി എച്ച് എസ് എസ്, മാറമ്പിള്ളി

എന്നിവർക്കുകൂടി സൂചന രണ്ട് സർക്കുലറിന്റെ ആനുകൂല്യം ലഭ്യമാക്കണമെന്ന് സൂചന 3 പ്രകാരം ഡി.പി.ഐ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സൂചന 2 ൽ ഉത്തരവായതുപ്രകാരം സംരക്ഷിതാദ്ധ്യാപകർക്ക് അർഹതപ്പെട്ട എല്ലാ ശമ്പള ആനുകൂല്യങ്ങളും പ്രസ്തുത നാല് അദ്ധ്യാപകർക്കുകൂടി ബാധകമാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

കെ.ഷൈലശ്രീ,
ജോയിന്റ് സെക്രട്ടറി
(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം
സർവ്വശിക്ഷാഅഭിയാൻ, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ,എറണാകുളം , ഡയറക്ടർ , IT@School
അക്കൗണ്ടന്റ് ജനറൽ(എ&ഇ) ആഡിറ്റ്, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തികൾക്ക് (ഡി.ഡി.ഇ മുഖാന്തിരം)
സ്റ്റോക്ക്ഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ